# ചാലൂക്യവിക്രമാദിത്യൻെറ രണ്ടു കേരളാക്രമണങ്ങൾ

എൻ. വി. കൃഷ്ണവാരിയർ

കാശ്മീരിൽപ്പിറന്ന സംസ്കൃതകവിയായ ബിൽഹണൻെറ കൃതിയാണ് "വിക്രമാങ്കദേവചരിതം" എന്ന മഹാകാവ്യം. കല്യാണനഗരം സ്ഥാപിച്ച ആഹവമല്ലനെന്ന ചാലൂക്യരാജാവിൻെറ മൂന്നു പുത്രരിൽ രണ്ടാമനും കുന്തള-കർണ്ണാടാധിപതിയുമായ വിക്രമാദിത്യൻെറ ചരിത്രമത്രേ ഈ കാവ്യത്തിലെ പ്രതിപാദ്യം. ബിൽഹണൻ വിക്രമാദിത്യൻെറ സദസ്സിൽ വളരെയേറെ ബഹുമതികൾ നേടുകയുണ്ടായി, അങ്ങനെ വിക്രമാദിത്യനെ അടുത്തുനിന്ന് കണ്ടറിഞ്ഞു. അതിനാൽ ബിൽഹണൻെറ കാവ്യത്തിൽ നിന്ന് ചരിത്രപരമായ പല വസ്തുതകളും ഗ്രഹിക്കാം. വിക്രമാദിത്യൻെറ പിതാവായ ആഹവമല്ലൻ എ. ഡി. 1068-ൽ[1] അന്തരിച്ചു. ആഹവമല്ലൻെറ ജീവിതകാലത്ത് ഫലത്തിൽ യുവരാജാവെന്ന നിലയിലും (പേരിന് യുവരാജാവ് ആഹവമല്ലൻ്റെ മൂത്തപുത്രനായ സോമേശ്വരനായിരുന്നു) ആഹവമല്ലൻ്റെ മരണശേഷം ജ്യേഷ്ഠനുമായി പിണങ്ങി താമസിക്കുന്ന കാലത്തും, രണ്ടു തവണ വിക്രമാദിത്യൻ കേരളത്തെ ആക്രമിച്ചതായി ബിൽഹണൻ വിക്രമാങ്കദേവചരിതത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ആക്രമണങ്ങൾ യഥാർത്ഥത്തിൽ സംഭവിച്ചവയാണെന്ന് കരുതാം.

## ആദ്യത്തെ ആക്രമണം

വിക്രമാങ്കദേവചരിതത്തിലെ മൂന്നാം സർഗത്തിൽ ഒന്നു മുതൽ പതിനെട്ടു കൂടിയുള്ള പദ്യങ്ങളിൽ വിക്രമാദിത്യൻ്റെ ആദ്യത്തെ കേരളാക്രമണം വർണിക്കപ്പെട്ടിരിക്കുന്നു. അന്നു യുവരാജാവ് വിക്രമാദിത്യൻെറ ജ്യേഷ്ഠനായ സോമേശ്വരൻ ആയിരുന്നു. എങ്കിലും യുവരാജാവിൻെറ ചുമതലകൾ വിക്രമാദിത്യനിലാണ് നിക്ഷിപ്തമായിരുന്നത്. ഭാരതീയ രാജാക്കന്മാരുടെ പാരമ്പര്യമനുസരിച്ച് വിക്രമാദിത്യൻ ദിഗ്ജയത്തിനു പുറപ്പെട്ടു. മുമ്പുതന്നെ അദ്ദേഹം കാഞ്ചീപുരം കീഴടക്കിയിരുന്നു. അദ്ദേഹത്തിൻെറ ആനകൾ കേരളകാമിനികളുടെ അളകാവലികളോടൊപ്പം മലയവൃക്ഷത്തിലെ ചന്ദനവൃക്ഷങ്ങളെ ഒടിച്ചു[2]. ആനകൾ കട പുഴക്കിയ ചന്ദനവൃക്ഷങ്ങളാകുന്ന സമ്പത്ത് സമുദ്രത്തിൽ നിക്ഷേപിച്ച് അതിൻ്റെ വിലയെന്നപോലെ രത്നങ്ങളെ അദ്ദേഹം സമുദ്രത്തിൽനിന്നെടുത്തു[3]. അദ്ദേഹത്തിൻ്റെ ആനകൾ കടൽത്തീരത്തു ചുരുണ്ടു കിടക്കുന്നവയും കടലാനകളുടെ കാൽച്ചങ്ങലകളൊത്തവയുമായ വലിയ സർപ്പങ്ങളെ ചവിട്ടി ഞെരിച്ചു.[4] ലായത്തെ ഓർമിച്ച് വന്നെത്തുന്ന ഉച്ചൈശ്ശ്രവസ്സാണെന്ന്, വെള്ളത്തിലിറങ്ങുന്ന അദ്ദേഹത്തിൻെറ ഓരോ കുതിരയെപ്പററിയും സമുദ്രം വിചാരിച്ചു.[5] അദ്ദേഹം കേരളരാജാവിൻ്റെ ചോര കടലിൽ കലക്കി, തന്നെ അഗസ്ത്യൻ വീണ്ടും കുടിച്ചു

1. Nilakantha Sastri. *A History of South India* p. 187

2. അഭജ്യന്ത ഗജൈജസ്തസ്യ ലീലയാ മലയദ്രുമാ:
സമം കേരളകാന്താനാം ചൂർണകുന്തളൈ:
വല്ലിഭി: 3.2.

3. ഗജോന്മൂലിതനിക്ഷിപ്തചന്ദനദ്രുമ സമ്പദ:
സ മൂല്യമിവ രത്നാനി ജഗ്രാഹ മഹതോ:ƒ
ബുധേ: 3. 9

4. ക്ഷുണ്ണാസ്തൽകരിഭിസ്തോയധിപാംഘ്രി
നിഗഡോപമാ:
ശയാനാ: കുണ്ഡലീഭൂയ വാർധിതീരേ
മഹോരഗാ: 3.12

5. തസ്യ വാഹനമേകൈകം ഗാഹമാന
മമന്യത
മന്ദുരാസ്മരണായാതമുച്ചൈശ്ശ്രവസമം
ബുധി:3,14

വററിച്ചേക്കമോ എന്ന ഭയം കടലിനു് ഇല്ലാതാക്കി (മനുഷ്യരക്തം കലങ്ങിയ വെള്ളം ബ്രാഹ്മണനായ അഗസ്ത്യൻ കുടിക്കുകയില്ലല്ലോ !)[6]. ഇതിനു ശേഷം സിംഹളരാജാവ് വിക്രമാദിത്യനെ ശരണം പ്രാപിച്ച് അഗസ്ത്യാശ്രമത്തിൽ താമസമാക്കി. വിക്രമാദിത്യൻ തുടർന്നു് ഗാംഗന്മാരുടെ കണ്ഡപുരത്തിലേക്ക തിരിഞ്ഞു. ചോളരാജാവ് അദ്ദേഹത്തെ ഭയന്നു് വിട്ടൊഴിഞ്ഞ കാഞ്ചീപുരം വിക്രമാദിത്യൻ വീണ്ടും കീഴടക്കി. വെംഗി, ചക്രകോടം എന്നിവിടങ്ങളിലെ രാജാക്കന്മാരെ തോൽപിച്ച് അദ്ദേഹം കൃഷ്ണാനദീ തീരത്തെത്തി. അപ്പോഴേക്ക് അച്ഛൻ മരിച്ചതായി അറിവു കിട്ടുകയാൽ അദ്ദേഹം കല്യാണനഗരത്തിലേക്ക മടങ്ങി.

ആഹവമല്ലൻ മരിച്ചതു് എ. ഡി. 1068-ൽ ആണെന്നു് പറഞ്ഞുവല്ലോ. വിക്രമാദിത്യൻെറ ഒന്നാമത്തെ കേരളാക്രമണം അതിന്നു് ഒന്നോ രണ്ടോ വർഷം മുമ്പ് ആയിരിക്കണം.

### രണ്ടാമത്തെ ആക്രമണം

ആഹവമല്ലൻെറ മരണത്തിനു ശേഷം വിക്രമാദിത്യന്റെ ജ്യേഷ്ഠനായ സോമേശ്വരൻ കല്യാണനഗരത്തിൽ രാജാവായി. തന്നെ ദ്വേഷിക്കാൻ തുടങ്ങിയ സോമേശ്വരനെ വിട്ട് വിക്രമാദിത്യൻ തുംഗഭദ്രയുടെ കരയിൽ ചെന്നു താമസിച്ചു. പിന്നീട് അദ്ദേഹം ഒരു തവണ കൂടി ദിഗ്ജയത്തിന്നിറങ്ങി. കൊങ്കണരാജാവായ ജയകേശി വിക്രമാദിത്യനു കീഴടങ്ങി. തന്നെ വന്നു് നമസ്കരിച്ച ആലുപ്രാജാവിനെ വിക്രമാദിത്യൻ അനുഗ്രഹിച്ചു. കേരളരാജാവിൻെറ സുന്ദരിമാരുടെ കവിളുകളിൽ പൂർവകൽപിതമായ കണ്ണീരിന്റെ വാഴ്ച ധാരാളമായി അമ്പുകൾ പ്രയോഗിച്ച് അദ്ദേഹം നടപ്പിൽ വരുത്തി[7]. പിന്നീട് അദ്ദേഹം ദ്രാവിഡരാജ്യത്തേക്ക തിരിഞ്ഞു.

വിക്രമാദിത്യൻെറ ഈ രണ്ടാമത്തെ കേരളാക്രമണം എ. ഡി. 1070-നു് അടുത്തായിരിക്കണം.

### കൊന്നതു് ആരെ ?

ബിൽഹണൻ പറയുന്നതു് സത്യമെങ്കിൽ, വിക്രമാദിത്യചാലൂക്യൻ കൊന്ന കേരളരാജാവ് ആരായിരിക്കാം?

എ. ഡി. 1028-ലെ ചോളാക്രമണത്തിനു ശേഷം മഹോദയപുരം ആസ്ഥാനമാക്കി കേരളം ഭരിച്ചിരുന്ന കുലശേഖരന്മാരുടെ സാമ്രാജ്യം തകർച്ചയിലേയ്ക്കു നീങ്ങി. ഈ കാലത്തു് വാണിരുന്ന രാജസിംഹൻ (എ. ഡി. 1028-1043), ഭാസ്കര രവി മൂന്നാമൻ (എ. ഡി. 1043-1082), രവിവർമ (എ. ഡി. 1082-1090) എന്ന മൂന്നു കുലശേഖര രാജാക്കന്മാരെപ്പററി ഇളംകുളം പ്രസ്താവിക്കുന്നുണ്ടു്.[8] ഇവരിൽ മൂന്നാം ഭാസ്കര രവിയുടെ കാലത്തായിരിക്കണം രണ്ടു ചാലൂക്യാക്രമണങ്ങളും നടന്നതു്. ഭാസ്കര രവി മൂന്നാമൻെറ പതിമൂന്നും മുപ്പത്തിമൂന്നും ശാസന വർഷങ്ങളിൽ (എ. ഡി. 1056, 1076 എന്നീ വർഷങ്ങളിൽ) എഴുതപ്പെട്ട ശിലാരേഖകൾ കണ്ടുകിട്ടിയിട്ടുണ്ടു്. ഇതേ കാലത്തു് ജീവിച്ചിരുന്ന വേറെയും ചില കേരള രാജാക്കന്മാരെപ്പററി നമുക്കറിയാം. എ. ഡി. 1065-ൽ വീരരാജേന്ദ്രചോളനോടു യുദ്ധം ചെയ്തു മരിച്ച ചേരരാജാവാണു് ഇവരിൽ ഒരാൾ. ഈ രാജാവിൻെറ മരണത്തെപ്പററി പറയുന്ന രേഖ അദ്ദേഹത്തിൻെറ പേർ പറയുന്നില്ല. പറമ്പൻതളി ശാസനത്തിൽ പരാമർശിക്കപ്പെട്ട ആദിത്യവർമയായിരിക്കാം ഇതെന്നു് ഇളംകുളം ഊഹിക്കുന്നു. തിരുവണ്ണൂർ ശാസനത്തിൽ പരാമൃഷ്ടനായ ബാലരാമവർമയാണു് ഇക്കാലത്തു ജീവിച്ചിരുന്ന മറെറാരു കേരളരാജാവ്. ഇദ്ദേഹവും ചോളയുദ്ധത്തിൽ മരിച്ചിരിക്കണമെന്നാണു് ഇളംകുളത്തിൻെറ അഭിപ്രായം.[9] ഇതും ഊഹം മാത്രമാണു്. ചാലൂക്യവിക്രമാദിത്യൻ കടലിൽ കലക്കിയ ചോര ഇവരിലൊരാളുടേതായിക്കൂടായ്കയില്ല. മററു തെളിവുകൾ കിട്ടുംവരെ ഇതിനെപ്പററി നിശ്ചിതമായി ഒന്നും പറയാനാവില്ല.

ബ്രഹ്മാവിൻെറ കൈക്കുടന്നയിലുള്ള വെള്ളത്തിൽ നിന്നുണ്ടായ ഒരു യോദ്ധാവാണത്രെ ചാലൂക്യകുലസ്ഥാപകൻ[10]. ചുളുകത്തിൽ നിന്നുണ്ടായതിനാൽ ചുളുകൃനെന്ന പേർ വന്നു. ഇതു പിന്നീട് ചാലൂക്യൻ എന്നായി. ചാലൂക്യ വംശജർ ആദ്യം വാസമുറപ്പിച്ചതു് ശ്രീരാമൻെറ രാജധാനിയായിരുന്ന അയോധ്യയിലാണു്. ഹാരീതൻ എന്നും മാനവ്യൻ എന്നും രണ്ടു പേർ ഈ വംശത്തിൽ വളരെ പ്രസിദ്ധി നേടി. ക്രമത്തിൽ ഈ വംശക്കാർ തെക്കോട്ടു നീങ്ങി. ദ്വീപുകളിൽപ്പോലും അവരുടെ കുതിരകൾ ചെന്നെത്തി.

മാനവ്യനും സാമൂതിരിമാരുടെ കുലകൂടസ്ഥനായ മാനിച്ചനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഇതും ഉപരിഗവേഷണം അർഹിക്കുന്ന ഒരു സംഗതിയത്രേ.

---

6. തേന കേരളഭൂപാലകീലാലകലുഷീകൃത;
അഗസ്ത്യ മുനിസംത്രാസമത്യാജ്യത പയോനിധി: 3.18

7. വ്യാപ്പതൈരവിരതം ശിലീമുഖൈ:
കേരളക്ഷിതിപവാമചക്ഷുഷാം
പൂർവകൽപിതമസാവകൽപയൽ
ഗണ്ഡപാളിഷു നിവാസമശ്രുണ: 5.27.

8. Studies in Kerala History, പേ. 243.
9. *Ibid* പേജ് 243.
10. അഥാവിരാസീൽ സുരസ്ത്രീലോകത്രാണ പ്രവീണശ്ചുളുകാദ് വിധാതു: 1—55

ഏകീകരിക്കാനും സാമാന്യവും അഖിലകേരള വ്യാപകവുമായ ഒരു ഗദ്യശൈലി വളർത്താനും കളമൊരുക്കുകയാണ് ചെയ്തിട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു[10] അങ്ങനെ പാതിരിമാർ തുടങ്ങിവെച്ച ഭാഷാ പരിണാമ പ്രക്രിയയെ സത്വരപ്പെടുത്താൻ ആ രാഷ്ട്ര തന്ത്രജ്ഞനു് അറിഞ്ഞോ അറിയാതെയോ സാധിച്ചു[11]. മറെറാരു പ്രത്യേകത നവോത്ഥാനത്തിന്റെ സംഭാവനയായ 'അന്വേഷണത്വര (Spirit of enquiry)' കേരളീയ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ആശ്ലേഷിച്ചിരുന്നുവെന്നതാണ്. പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ വിദ്യാദാന പ്രവർത്തനം മൂലം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു് പ്രചുരപ്രചാരം സിദ്ധിച്ചു. അന്നോളം വർഗ്ഗസ്വഭാവത്തോടു കൂടി നിലനിന്നിരുന്ന വിദ്യാഭ്യാസം (Class Education) അങ്ങനെ സാർവത്രികമായിത്തീർന്നു (Mass Education). ഗദ്യത്തിന്റെ 'സ്റ്റാൻഡാർഡൈസേഷനു'' ഗതിവേഗം കൂട്ടുന്ന രണ്ടു ഘടകങ്ങളാണ് അച്ചടിയും[12] (Printing) പത്രപ്രവർത്തനവും. 1821 ൽ കോട്ടയത്തു് സി. എം. എസ്. പ്രസ് പ്രവർത്തനം തുടങ്ങി. 1847–48 ഘട്ടത്തിൽ ഡോ. ഗുണ്ടർട്ട് പത്രപ്രവർത്തനത്തിന്റെ പ്രാരംഭമെന്ന നിലക്ക് രാജ്യസമാചാരവും 'പശ്ചിമോദയവും' പ്രസിദ്ധീകരണമാരംഭിച്ചു. 1848-ൽ 'ജ്ഞാനനിക്ഷേപ'വും 1864 ൽ കോട്ടയം കോളെജ് മാസികയായ 'വിദ്യാസംഗ്രഹ'വും പത്രലോകത്തിലേക്കു കടന്നു വന്നു. ഡോ. ബെഞ്ചമിൻ ബെയിലിയും ഡോ. ഗുണ്ടർട്ടും ബൈബിൾ വിവർത്തനത്തിനു് മുതിർന്നതു് ഭാഷാഗദ്യത്തിന്റെ വളർച്ചയെ പരോക്ഷമായി സഹായിച്ചു.[13] ചുരുക്കത്തിൽ, മലയാളഭാഷയുടെ പ്രാദേശിക പ്രഭേദങ്ങളുടെ സാധാരണീകൃതമായ ഒരു ഗദ്യശൈലി ജന്മമെടുക്കാനുണ്ടായ സാഹചര്യങ്ങൾ ഇപ്പറഞ്ഞവയാണ്. വ്യാകരണപരമായ അരാജകത്വം അവസാനിക്കുകയും വ്യവസ്ഥാപിതമായ ഭാഷാഘടന ആവിർഭവിക്കുകയും ചെയ്തു. ഭാഷാപരമായ ഈ യുഗപ്പകർച്ചയുടെ പ്രവാചകനായിരുന്നു റവ. ജോർജ്ജു മാത്തൻ. ആധുനിക മലയാള ഗദ്യത്തിന്റെ നവോദയം ജോർജ് മാത്തനച്ചന്റെ ഗദ്യത്തിൽ ദർശിക്കാം.

[അടുത്തു തന്നെ പ്രസിദ്ധീകരിക്കുന്ന "മിഷണറി മലയാള ഗദ്യമാതൃകകൾ" എന്ന ഗവേഷണ ഗ്രന്ഥത്തിന്റെ 'ഉപോദ്ഘാത'ത്തിൽ നിന്നു്.]

---

10. പ്രൊഫ. സി. എൽ. ആന്റണി.
*സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*
ഭാഷാഗദ്യം, 1973–P. 670.

11. ഡോ. പി. വി. വേലായുധൻ പിള്ള
*ഭാഷാഗദ്യത്തിന്റെ വികാസപരിണാമങ്ങൾ.*
ദീപിക ഡയമണ്ടു് ജൂബിലി സ്മാരക ഗ്രന്ഥം.
1962–P. 187.

12. Frederik T Wood- ന്റെ വാക്കുകൾ കൂടി ഇവിടെ ശ്രദ്ധിക്കുക.

"And last, but by no means least the invention of printing was bound to have a far reaching effect upon the development of the language. Three aspects of it may be noticed here viz(I) It tended to establish a "standard" language and to discredit dialect. (II) It served to popularise and give currency to new coinages and newly introduced words. (III) It tended to fix spellings about which there had been a great deal of uncertainty before".
*An Out line History of the English Language*
1964. pp-98, 99

13. "In any Case, it is true to say that Modern Malayalam Prose, has been to some extent influenced by the language of the Bible".
Dr. K. M. George.
Western Influence on-
Malayalam Language and Literature.
1972 p-64

ന്നതാകുന്നു. നക്ഷത്രങ്ങൾ ദിനംപ്രതി ഭൂമിയെ ചുററുന്നു എന്നും, ശ്രീരാമൻെറ വാനരസൈന്യം എണ്ണത്തിൽ സൂക്ഷ്മമായിട്ടു ഇരുപത്തൊന്നു വെള്ളം ഉണ്ടായിരുന്നു എന്നും ഈ നാട്ടുകാരാൽ സാധാരണമായി വിശ്വസിക്കപ്പെട്ടിരിക്കുന്നു എങ്കിലും അവ സ്വഭാവേന അസംഭവ്യങ്ങളാകയാൽ അവയെ അസത്യം എന്നു വിചാരിപ്പാനേ പാടുള്ളൂ".

## 2. ഡോ. ഹെർമൻ ഗുണ്ടർട്ടിൻെറ കേരളപ്പഴമ. 1868.

"അവിടെ നിന്നു പുറപ്പെട്ടു, രാജധാനിയിൽ എത്തിയപ്പോൾ, മററൊരു അമ്പലത്തിൽ പ്രവേശിച്ചു, ഭഗവതിയെ കന്യാമറിയ എന്നു വിചാരിച്ചു വന്ദിച്ചു, കാഹളം, നടവെടി മുതലായ഻ ഘോഷത്തോടും കൂടെ മതിലകത്തു ചെന്നു; അതിന്നു നന്നാലു കന്മതിലുകളും, ഓരോ ഗോപുരങ്ങളിൽ പതുപ്പത്തു കാവൽക്കാരും ഉണ്ടു. കമ്മന്മാർ, പണിക്കന്മാർ, മേനോക്കി, മുതലായ സ്ഥാനികൾ, അനവധി നിൽക്കും. കാവൽക്കാർ പുരുഷാരത്തെ നീക്കുമ്പോൾ; തിക്കും തിരക്കും കൊണ്ടു ചിലർ മരിച്ചു. നാലാം പടിവാതിൽക്കൽ ഭട്ടതിരിപ്പാട്ട് എതിരേററു കല്പിത്താനെ ആശ്ലേഷിച്ചു. വലങ്കൈ പിടിച്ചു ആസ്ഥാനമണ്ഡപത്തിൽ തിരക്കകത്തു പ്രവേശിപ്പിച്ചു. അതിൽ പച്ചപ്പടം വിരിച്ചതും; പല ദിവ്യാംബരങ്ങൾ വിതാനിച്ചതും ചുററുമുള്ള ഇരുത്തിപ്പലകമേൽ, മന്ത്രികൾ ഇരിക്കുന്നതും, നടുവിൽ കട്ടിലിന്മേൽ കുന്നലക്കോനാതിരി രാജാവു കിടക്കുന്നതും കണ്ടു. അവൻ വൃദ്ധൻ വലങ്കൈയിൽ 14 തോമയ വീര ചങ്ങല ഇട്ടതിനാൽ ഒരാൾ തൂക്കിക്കൊണ്ടതായിരുന്നു. കേശബന്ധത്തിന്മീതേ മുടി അണിഞ്ഞതും, കാതു സ്വർണ്ണാലങ്കാരം കൊണ്ടു ചുമലോളം തൂങ്ങുന്നതും; അരയിൽ സൂര്യദീപ്തികലർന്ന ഉടഞ്ഞാൺ ധരിച്ചതും കണ്ടു".

## 3. ആർച്ചുഡീക്കൺ കോശിയുടെ 'മലയാളഭാഷയെക്കുറിച്ച്'. 1882.

"ഇനി രണ്ടാമതു നമ്മുടെ ഭാഷയുടെ ഉയർച്ചക്കു വേണ്ടതു് എന്തു് എന്നുള്ളതിനെക്കുറിച്ചു് ഒന്നു രണ്ടു കാര്യങ്ങളെ പറയുന്നു. 'പണം ഇല്ലാത്തവൻ പിണം' എന്നുള്ള പറച്ചിൽ പോലെ ദരിദ്രത ഏതു വിഷയത്തിലുള്ളതായാലും നിന്ദെക്കു പാത്രമാകുന്നതാകുന്നു. എന്നാൽ പൂർവകാലങ്ങളിൽ എല്ലാ ഭാഷകളും ദരിദ്രാവസ്ഥയിൽ ഇരുന്നിട്ടുള്ളവയത്രേ. സംസ്കൃതത്തിനുള്ള പരിഷ്ക്കാരങ്ങൾ തന്നെയും പിൽക്കാലങ്ങളിൽ ഉണ്ടായവയാണു്. "സംസ്കരിക്കപ്പെട്ടതു്" എന്നു അർത്ഥമുള്ള പേർ അതിന്നു വീണിരിക്കുന്നതു കൊണ്ടു അറിഞ്ഞു കൊള്ളാം. ഇപ്പോഴത്തെ വലിയ ഇംഗ്ലീഷ് ഭാഷ, പണ്ടു എത്ര കൃശമായിരുന്നു. അതു് ആംഗ്ലോ— സാക്സൺ എന്ന നാമധേയത്തോടിരുന്ന കാലങ്ങളിൽ യാതൊരു വിശേഷ അറിവുകളും അതിൽ ഉണ്ടായിരുന്നില്ല. എന്നാൽ കാലക്രമം കൊണ്ടു അതു വളർന്നു അനവധി വിദ്യകളുടെയും ജ്ഞാനത്തിൻെറയും അതിശയിക്കത്തക്കൊരു സംഗ്രഹമായിത്തീർന്നിരിക്കുന്നുവല്ലോ. വൈദികന്മാർ, ചരിത്രക്കാർ, വിജ്ഞാനികൾ, കവികൾ; പുതുമകൃതിക്കാർ, അതാതു കാലങ്ങളിൽ ഉണ്ടായി വന്നു. അവരുടെ മഷിക്കോലുകളിൽ നിന്നു പുറപ്പെട്ട ബഹുവിധകൃതികളെക്കൊണ്ടു് അതു വളർന്നു പുഷ്ടിയായി. ഏതു ഭാഷയിലും അറിവും പഠിത്വവുമുള്ള ആളുകൾ ഉണ്ടായിട്ടു പുസ്തകങ്ങൾ ചമെച്ചുതുടങ്ങുമ്പോൾ സാമാന്യന്മാർക്കു തോന്നാത്ത നിനവുകൾ അവർക്കു തോന്നിവരും. അതുകളെ ശരിയായി ഉച്ചരിപ്പാൻ തക്ക വാക്കുകളും വാചകങ്ങളും അവർ തിരിയും. ഭാഷയിൽ മുമ്പേ തന്നെ ഉള്ളവ പോരാ എന്നു കണ്ടാൽ ഒന്നുകിൽ പുതുതായി നിർമിക്കാൻ നോക്കും. അല്ലെങ്കിൽ അന്യഭാഷകളിൽ നിന്നു വായ്പ വാങ്ങും. ഇംഗ്ലീഷുകാരുടെ പൂർവിക ഭാഷ ഇങ്ങനെ ഗ്രന്ഥ കർത്താക്കൾ മൂലം ഗ്രീക്കു്, ലത്തീൻ, ജർമൻ, ഫ്രെഞ്ചു്, ഇത്താലിയൻ മുതലായ പല പേച്ചുകളെ കൊണ്ടു് ധനപുഷ്ടി വന്നതാകുന്നു. മലയാഴ്മെയുടെ ഉയർച്ചെക്കും ഇതുതന്നെ വഴി".

മലയാള ഗദ്യം 'സ്റ്റാൻഡാർഡൈസ്' ചെയ്ത കാലമെന്ന നിലയ്ക്കു് പത്തൊൻപതാം നൂററാണ്ടു് ശ്രദ്ധേയമത്രേ. സാമൂഹികവും, സാംസ്കാരികവും, രാഷ്ട്രീയവും ആയ ഒട്ടേറെ ഘടകങ്ങളുടെ സ്വാഭാവിക ഫലമായിട്ടാണു് ഏതൊരു ഭാഷയിലെയും ഗദ്യം സാധാരണീകരിക്കപ്പെടുന്നതു്. "എ. ഡി. 18-ാം നൂററാണ്ടിൽ നടന്ന മാർത്താണ്ഡവർമയുടെ ദിഗ്വിജയം അതുവരെ കോട്ടകെട്ടി നിർത്തിയിരുന്ന ഭിന്നങ്ങളായ വ്യവഹാരഭാഷാ രൂപങ്ങളെ